## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 8** **02.03.2020 – ൽ മറുപടിക്ക്.**

## റേഷനിംഗ് ഓർഡർ പുതുക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്.തോമസ്**<br>**,, മോൻസ് ജോസഫ്**<br>**,, പി.ജെ.ജോസഫ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** കുടുംബശ്രീയ്ക്കും സഹകരണസംഘങ്ങൾക്കും റേഷൻകട അനുവദിക്കുവാൻ നീക്കമുണ്ടോ എന്നറിയിക്കാമോ; | **(എ)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 12(e) പ്രകാരം പഞ്ചായത്ത്, സ്വയം സഹായ സംഘങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയ്ക്ക് റേഷൻ കട അനുവദിക്കുമ്പോൾ മുൻഗണന നൽകാൻ വ്യവസ്ഥയുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്ത് നിലവിലുള്ള കേരളാ റേഷനിംഗ് ഓർഡറിന്റെ പരിഷ്കരിച്ച പകർപ്പായ കേരളാ ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ (KTPDS Control Order) കരടിൽ റേഷൻകട അനുവദിക്കുമ്പോൾ സ്ത്രീ സ്വയം സഹായ സംഘങ്ങൾക്കും, സഹകരണ സംഘങ്ങൾക്കും മുൻഗണന നൽകണമെന്നുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **(ബി)** റേഷനിംഗ് ഓർഡർ പുതുക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | **(ബി) യും (സി) യും** കേരളാ റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിനായി പ്രത്യേക ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.<br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ കേരള ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ (KTPDS Control Order) കരട് പൊതുജനങ്ങൾ / റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും അഭിപ്രായം ശേഖരിക്കുന്നതിനായി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് ലഭിച്ച അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻ വ്യാപാരികളുമായി 28.01.2020 ന് നടത്തിയ ചർച്ചയിൽ റേഷൻ വ്യാപാരികൾ ഉന്നയിച്ച അഭിപ്രായങ്ങൾ പരിശോധിച്ചു വരുന്നു. ഇത് സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടത്തി അഭിപ്രായങ്ങൾ ലഭ്യമാക്കിയതിനു ശേഷം അന്തിമ പകർപ്പ് പുറപ്പെടുവിക്കുന്നതാണ്. |
| **(സി)** ഇതുസംബന്ധിച്ച് റേഷൻ വ്യാപാരികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വ്യാപാരികളുമായി ചർച്ച നടത്തി | |

| | | | |
|---|---|---|---|
| | സമവായത്തിലെത്തുവാൻ നടപടി സ്വീകരിക്കുമോ; | | |
| **(ഡി)** | കടയുടമകളുടെ ലൈസൻസ് പുതുക്കാനും റദ്ദാക്കാനും ലൈസൻസിംഗ് അതോറിറ്റിക്ക് പൂർണ്ണ അധികാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | **(ഡി)** | നിലവിലെ കേരളാ റേഷനിംഗ് ഓർഡർ, 1966 പ്രകാരം കടയുടമകളുടെ ലൈസൻസ് പുതുക്കാനും റദ്ദാക്കാനും ലൈസൻസിംഗ് അതോറിറ്റിക്ക് പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ കേരള ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ (KTPDS Control Order) കരടിലെ വ്യവസ്ഥയിലും ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

Section Officer Signed(True Copy)